(സി) 2011-12 ഒന്നാം സീസൺ മുതൽ 2014-15 ഒന്നാം സീസൺ (31-10-2014) വരെ സംഭരിച്ച നെല്ലിന്റേയും കർഷകർക്ക് നൽകിയ തുകയുടേയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

സീസൺ	അളവ് (മെ. ടൺ)	നൽകിയ തുക (കോടി രൂപയിൽ)	കടിശ്ശിക
2011-12 Ist	87579	131.36	0
2011-12 IInd	132484	198.72	0
2012-13 Ist	65308	111.02	0
2012-13 IInd	35688	60.66	0
2013-14 Ist	85957	154.72	0
2013-14 IInd	127645	224.52	0
2014-15 Ist (31.10.2014)	82834	140.25	17.12

(ഡി) കാലതാമസമില്ലാതെ കൊടുത്തു തീർക്കുന്നതാണ്.

കൊണ്ടോട്ടി താലൂക്കിൽ പുതിയ സപ്ലൈ ഓഫീസ്

236(3161) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊണ്ടോട്ടി താലൂക്കിൽ പുതിയ സപ്ലൈ ഓഫീസ് തുടങ്ങുന്നതിനുള്ള നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത താലൂക്ക് സപ്ലൈ ഓഫീസ് എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) കൊണ്ടോട്ടി താലൂക്ക് ഉൾപ്പെടെ, സംസ്ഥാനത്ത് പുതുതായി രൂപവൽക്കരിച്ച 12 താലൂക്കുകളിലും താലൂക്ക് സപ്ലൈ ഓഫീസുകൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശത്തിന്മേൽ, സാമ്പത്തിക ബാദ്ധ്യതയുൾപ്പെടെയുള്ള കാര്യങ്ങൾ വിലയിരുത്തിമാത്രമേ അന്തിമതീരുമാനം എടുക്കാൻ കഴിയുകയുള്ളൂ ആയതിനുള്ള പരിശോധനകൾ നടന്നുവരുന്നു.

നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധന

237(3162) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷൻവഴി വിതരണം ചെയ്യുന്ന നിത്യോപയോഗ സാധനങ്ങൾക്ക് എത്ര ശതമാനം വീതം വില വർദ്ധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

സപ്ലൈകോ വില്പനശാലകളിൽ പൊതുവെ വില്പന കുറവുള്ളതും ജനങ്ങൾ കൂടുതലായി ആവശ്യപ്പെടാത്തതുമായ കടുക്, ജീരകം, ഉലുവ, പീസ് പരിപ്പ്, ബോധന അരി എന്നീ ഇനങ്ങളെ സബ്സിഡി നൽകുന്നതിൽ നിന്ന് 1-8-2012 മുതൽ ഒഴിവാക്കുകയും പകരം കേരളത്തിലെ ജനങ്ങൾ കൂടുതലായി ഉപയോഗിക്കുന്ന ചെറുപയർ, വൻകടല, ജയ അരി, കുറുവ അരി, വെളിച്ചെണ്ണ എന്നിവയെ സബ്സിഡി നൽകുന്ന ഇനങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

നിലവിൽ സബ്സിഡി നിരക്കിൽ വിതരണം ചെയ്തു വരുന്ന 13 ഇനം ഭക്ഷ്യവസ്തുക്കളുടെ ഈ സർക്കാർ അധികാരത്തിൽവരുമ്പോൾ ഉണ്ടായിരുന്ന സബ്സിഡി വിലയും വിലകൾ പുനർനിർണ്ണയം ചെയ്തതിന്റെ വിശദാംശങ്ങളും അനുബന്ധം ആയി ചേർക്കുന്നു.*

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly